# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 464
# 29.11.2018 ലെ മറുപടിക്ക്

**<u>ആസ്തി വികസന ഫണ്ട്</u>**

<table>
<tr><th colspan="2">ചോദ്യം<br>ശ്രീ.മുഹമ്മദ് മുഹസിൻ പി</th><th>ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>ആസ്തിവികസന ഫണ്ടിൽ നിന്നും സ്കൂൾ ബസ് വാങ്ങുന്നതിനുള്ള നടപടിക്രമം സങ്കീർണ്ണമായതിനാൽ സമയബന്ധിതമായി ആയത് വാങ്ങാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td><td rowspan="2">നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്കൂൾ ബസ് വാങ്ങുന്നതിനുള്ള അനുമതി നൽകിയിരിക്കുന്നത് 09/12/2016 ലെ സ.ഉ(പി)നം.178/2016/ധന പ്രകാരമാണ്. ബന്ധപ്പെട്ട പൊതു വിദ്യാഭ്യാസ ഉപഡയറക്ടർ (DDE) സാക്ഷ്യപ്പെടുത്തുന്ന ആവശ്യകതാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വാഹനം വാങ്ങുന്നതിനായി നിലവിലെ മാനദണ്ഡങ്ങൾ പാലിക്കണമെന്നും വാങ്ങുന്ന വാഹനത്തിന്റെ ആവർത്തന/പരിപാലന ചെലവുകൾ സർക്കാർ വഹിക്കുന്നതല്ല എന്നുമുള്ള നിബന്ധനകളോട് കൂടിയാണ് പ്രസ്തുത ഉത്തരവിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ബസ് വാങ്ങുന്നതിനുള്ള അനുമതി നൽകിയിരിക്കുന്നത്. '4202-01-800-88-Projects under LAC ADS (NP)' എന്ന ശീർഷകത്തിൽ നിന്നാണ് ഇതിനായുള്ള ചെലവ് വഹിച്ചിരുന്നത്. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സർക്കാർ സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ തുക വിനിയോഗിക്കാൻ അനുവദിച്ച ശീർഷകമാണ് ഇത്. സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികൾ പ്രധാനമായും ഏറ്റെടുത്ത് നടത്തുന്ന പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറാണ് പ്രസ്തുത ശീർഷകത്തിന്റെ നിയന്ത്രണാധികാരി. മേൽ ശീർഷകത്തിൽ നിന്നും ഫണ്ടുകൾ മാറി നൽകുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് ഈ ആവശ്യത്തിലേയ്ക്ക് മാത്രമായി '4202-01-800-84-Projects under LAC ADS - Other Projects' എന്ന ഒരു പുതിയ ശീർഷകം 2018-19 സാമ്പത്തിക വർഷത്തെ ആദ്യത്തെ ഉപധനാഭ്യർത്ഥനയിലൂടെ ആരംഭിച്ചിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെയാണ് ഈ ശീർഷകത്തിന്റെ നിയന്ത്രണാധികാരിയായി നിശ്ചയിച്ചിട്ടുള്ളത്. ബസ് വാങ്ങുന്നതിനുള്ള ടെണ്ടർ നടപടി ക്രമങ്ങൾ പാലിക്കുന്നത് സംബന്ധിച്ച പരാതിയും ശ്രദ്ധയിൽപെടുകയുണ്ടായി. ബസുകൾ വാങ്ങുന്നത് സംബന്ധിച്ച് നിലവിലുള്ള സ്റ്റോർസ് പർച്ചേസ് ചട്ടങ്ങൾ പാലിക്കണമെന്നാണ് ഈ വകുപ്പ് നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സാധാരണ ആവശ്യമുള്ള സാധനങ്ങളും സേവനങ്ങളും കേന്ദ്രസർക്കാറിന്റെ നിയന്ത്രണത്തിലുള്ള Government e Marketplace (GeM) വഴി ലഭ്യമാക്കുന്നതിന് 27/03/2018 ലെ G.O.(Ms)No.02/2018/SPD പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉപയോഗത്തിനായുള്ള വിവിധ തരം ബസുകളുടെ സ്പെസിഫിക്കേഷൻ GeM പോർട്ടലിൽ ഉൾപ്പെടുത്തുന്നതിനും വാഹനങ്ങൾ GeM പോർട്ടൽ ഉപയോഗിച്ച് വാങ്ങുന്നതിനും പൊതുവിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ വിവരങ്ങൾ എല്ലാ ജില്ലാ കളക്ടർമാരെയും അറിയിച്ചിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>നടപടിക്രമങ്ങൾ ലഘൂകരിക്കുവാൻ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?</td></tr>
</table>

**സെക്ഷൻ ഓഫീസർ**